**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 839** **10.06.2019-ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ കോളനികളുടെ നവീകരണം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.എം. സ്വരാജ്** | **ശ്രീ.എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** |

| **ചോദ്യം** | **മറുപടി** |
|---|---|
| പട്ടികവർഗ്ഗ കോളനികളുടെ നവീകരണത്തിനായി ഈ സർക്കാർ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നു എന്ന് അറിയിക്കുമോ; ഇവയുടെ വിശദാംശം നൽകുമോ? | ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കി വരുന്നു. അടിസ്ഥാന സൗകര്യമില്ലാത്ത പട്ടികവർഗ്ഗ സങ്കേതങ്ങളുടെ പശ്ചാത്തല സൗകര്യ വികസനമാണ് ടി പദ്ധതിയിലൂടെ നടപ്പാക്കുന്നത്. പ്രസ്തുത പദ്ധതിയിൽ ചുവടെ ചേർക്കുന്ന ഇനം പ്രവൃത്തികൾ നടപ്പിലാക്കുന്നു.<br>1. ഭവന നിർമ്മാണം<br>2. ഭവന പുനരുദ്ധാരണം<br>3. കുടിവെള്ള സൗകര്യം<br>4. ശുചിത്വ സംവിധാനങ്ങൾ<br>5. കൃഷിയും ജലസേചനവും<br>6. വരുമാനദായകമായ ക്ഷീരവികസനം, മൃഗസംരക്ഷണം, ഉദ്യാനകൃഷി, തയ്യൽ മറ്റ് സ്വയംതൊഴിൽ പരിപാടികൾ<br>7. ഗതാഗതവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ<br>8. മണ്ണ് സംരക്ഷണം<br>9. കുട്ടികളുടെയും സ്ത്രീകളുടെയും ശാക്തീകരണവുമായി ബന്ധപ്പെട്ട പരിപാടികൾ.<br>ടി പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷം 101 കോളനികളെ തെരഞ്ഞെടുക്കുകയും പദ്ധതി നടപ്പിലാക്കാൻ അനുയോജ്യമായ 97 കോളനികളിൽ 92 കോളനികളുടെ ഡി.പി.ആർ ലഭ്യമാക്കുകയും 41 കോളനികളിൽ മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 36 കോളനികളിൽ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**